**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **01-09-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങളുടേയും വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷന്മാർ ഇല്ലാത്ത) കുടുംബങ്ങളുടേയും അവിവാഹിതയായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവർ ഗൃഹനാഥയായ കുടുംബങ്ങളുടേയും വീടിന് ആയിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടെന്ന കാരണത്താൽ മുൻഗണനാ റേഷൻകാർഡ് നിഷേധിക്കുണ്ടോ; | (എ) | റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡപ്രകാരം 1000സ്ക്വയർഫീറ്റിനു മുകളിൽ വിസ്തീർണ്ണമുള്ള വീടുള്ളവർ മുൻഗണനയിൽ ഉൾപ്പെടാൻ അയോഗ്യരാണ്. എന്നാൽ അപ്രകാരമുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27.10.2020ലെ സ.ഉ(സാധാ)നം. 319/2020/ ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം കുടുംബങ്ങൾക്കും മുൻഗണനാ റേഷൻകാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ